പ്രൊമോഷൻ മുഖേന 16 ഒഴിവുകളും സർവ്വീസസ് -സി വകുപ്പിന് കീഴിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 47 ഒഴിവുകളും സർവ്വീസസ് -എച്ച് വകുപ്പിന് കീഴിൽ സെക്യൂരിറ്റി ഗാർഡിന്റെ 7 ഒഴിവുകളും ഉൾപ്പെടെ മൊത്തം 178 ഒഴിവുകളുണ്ട്.

മേൽപ്പറഞ്ഞവയിൽ സ്പെഷ്യൽ -ബി വകുപ്പിൽ നിന്നുള്ള ഒരു ഒഴിവും സർവ്വീസസ് -ഇ വകുപ്പിൽ നിന്നുള്ള 36 ഒഴിവുകളും സർവ്വീസസ് -എച്ച് വകുപ്പിൽ നിന്നുള്ള 7 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സർവ്വീസസ്-എ വകുപ്പിൽ നിന്ന് അസിസ്റ്റന്റ് തസ്തികയിൽ 50 ഒഴിവുകളും രണ്ട് എൻ.ജെ.ഡി. ഒഴിവുകളും സർവ്വീസസ് -സി വകുപ്പിൽ നിന്ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 31 ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മറ്റ് വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) പൊതുഭരണ വകുപ്പിന് കീഴിലെ സ്പെഷ്യൽ-ബി വകുപ്പിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (നോൺ സെക്രട്ടേറിയറ്റ്) തസ്തികയിൽ ഒരാൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. സർവ്വീസസ്-ഇ വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് -2 തസ്തികയിൽ 9 പേർക്കും സർവ്വീസസ്-സി വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്ത ഓഫീസ് അറ്റൻഡന്റിന്റെ ഒഴിവുകളിൽ പത്തോളം പേർക്കും നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. സർവ്വീസസ് -എച്ച് വകുപ്പിൽനിന്നും റിപ്പോർട്ട് ചെയ്ത സെക്യൂരിറ്റി ഗാർഡ് തസ്തികയിലെ ഒഴിവുകൾക്ക് നിയമന ശിപാർശ ഇതുവരെയും ലഭിച്ചിട്ടില്ല.

മറ്റ് വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ഡി) പൊതുഭരണ വകുപ്പിൽ നിന്നുള്ള ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ട്. മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. യിലെ സർവ്വീസ് ചട്ടങ്ങളുടെ ലംഘനം

45 (3551) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്ഷൻ ഓഫീസർ തസ്തികയിൽ ജോലിചെയ്യുവരുന്ന പതിമൂന്നു ഓഫീസർമാർക്ക് മുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഒരു സെക്ഷൻ ഓഫീസറെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഏതെങ്കിലും കേസ് നിലവിലുണ്ടോ ; ബന്ധപ്പെട്ട ജഡ്ജ്മെന്റ് കോപ്പികൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പി.എസ്.സി. യിലെ സർവ്വീസ് ചട്ടങ്ങളുടെ ലംഘനം തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്, വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ദീർഘകാല അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ച് ഒരു വർഷം പൂർത്തീകരിക്കാത്ത ഒരു വ്യക്തിയെ DPC ചേർന്ന സമയത്ത് സ്ഥാനക്കയറ്റത്തിന് പരിഗണിച്ചിരുന്നില്ല. എന്നാൽ ഒരു വർഷം പൂർത്തീകരിക്കവേ 31-1-2013-ൽ, നിലവിൽ വന്ന ഒഴിവിലേയ്ക്ക് പരിഗണിക്കണമെന്ന പരാതി പരിഗണിച്ച് നിലവിലുള്ള നിയമപ്രകാരം DPC കൂടി സീനിയോറിറ്റി 1-2-13 മുതൽ പുനഃനിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് OA (EKM) 121/15, OA 1711/15 എന്നീ കേസുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ നിലവിലുണ്ട്. അതിൽ OA 121/15 കേസിൽ വിധി ആയിട്ടുണ്ട്. വിധിപ്പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(സി) നിലവിലെ സർവ്വീസ് ചട്ടങ്ങൾ പാലിച്ചാണ് പി.എസ്.സി. നടപടികൾ സ്വീകരിക്കുന്നത്.

പി.എസ്.സി. നിയമനവും റിസർവേഷൻ മാനദണ്ഡങ്ങളും

46 (3552) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകുമ്പോൾ നിലവിലുള്ള റിസർവേഷൻ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ;

(ബി) എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നും (പത്തനംതിട്ട ജില്ല) കാറ്റഗറി നമ്പർ 205/09-ൽ ഏതെല്ലാം റൊട്ടേഷൻ പോയിന്റുകളിലാണ് ധീവര വിഭാഗത്തിലുള്ളവർ വന്നിട്ടുള്ളതെന്നും അവരിൽ എത്ര പേരുടെ നിയമനങ്ങൾ നടന്നുവെന്നും വെളിപ്പെടുത്തുമോ ;

(സി) എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് (തിരുവനന്തപുരം ജില്ല) ധീവര വിഭാഗത്തിൽനിന്നും എത്ര പേരെ നിയമിച്ചുവെന്നും അത് ഏതെല്ലാം റൊട്ടേഷനിൽ നിന്നാണെന്നും വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly